## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2272 8/12/2015-ൽ മറുപടിക്ക്

## വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഇപ്പോൾ വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനു കീഴിൽ എത്ര വൈദ്യുതി ഉപഭോക്താക്കാളാണ് ഗാർഹികേതരവുമായി ഉള്ളതെന്ന് പറയാമോ; ഇത് ഏതൊക്കെ പഞ്ചായത്തുകളിലാണ് വരുന്നത്; ശബരിമല ഉൾപ്പെടെയുള്ള വളരെ വിപുലമായ പ്രദേശം ഒരു വൈദ്യുതി സെക്ഷനു കീഴിൽ മാത്രമായി പ്രവർത്തിക്കുന്നത് പ്രായോഗികമാണോ; | (എ) വടശ്ശേരിക്കര സെക്ഷനു കീഴിൽ ആകെ 18514 ഉപഭോക്താക്കളാണുള്ളത്. ഇതിൽ 14,771 ഗാർഹിക ഉപഭോക്താക്കളും 3,743 ഗാർഹികേതര ഉപഭോക്താക്കളുമാണുള്ളത്. റാന്നി– പെരുനാട്, വടശ്ശേരിക്കര, നാറാണംമൂഴി, റാന്നി, മലയാലപ്പുഴ, മൈലപ്ര, പഴവങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകളിലെ പ്രദേശങ്ങളാണ് വടശ്ശേരിക്കര സെക്ഷനു കീഴിലുള്ളത്. ശബരിമല തീർത്ഥാടന കേന്ദ്രത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, വൈദ്യുതി തടസ്സം പരമാവധി ഒഴിവാക്കുന്നതിനും, തീർത്ഥാടകർക്കും കച്ചവട ക്കാർക്കും സുഗമമായി വൈദ്യുതി 24x7 ഉറപ്പാക്കുന്നതിനും, അറ്റ കുറ്റപ്പണികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി വൈദ്യുതി ബോർഡിന്റെ കീഴിൽ ശബരിമല കേന്ദ്രമാക്കി ഒരു സബ് എഞ്ചിനീയർ ഓഫീസ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) വീടുകളുടെഎണ്ണവും ഉപഭോക്താക്കളുടെ എണ്ണവും വർധിച്ചതനുസരിച്ച് വടശ്ശേരിക്കര സെക്ഷൻ വിഭജിച്ച് അത്തിക്കയത്തോ പെരുനാട്ടിലോ കേന്ദ്രമാക്കി പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സർക്കാർ തയ്യാറാവുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങളനുസരിച്ച് പ്രസ്തുത സെക്ഷൻ വിഭജിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**